Malayalamanorama-19-02-2018.     P-4

# ജൈവ നന്മ, സൗജന്യം

അരിമ്പൂർ • അരയേക്കറോളം പാടത്തു ജൈവ പച്ചക്കറി ഉൽപാദിപ്പിച്ച് സമീപവാസികൾക്കു സൗജന്യമായി നൽകി കേരള കർഷകസംഘം മനക്കൊടി യൂണിറ്റ് പ്രവർത്തകർ മാതൃകയായി. പാവപ്പെട്ട കർഷക തൊഴിലാളികൾ താമസിക്കുന്ന മനക്കൊടി പുള്ള് റോഡിനോട് ചേർന്നുള്ള വാരിയൻ പടവ് പാടത്താണ് ജൈവ പച്ചക്കറി വിളയിച്ചത്.

വിവിധതരം പയറുകൾ, കാബേജ്, പൊട്ട്‌വെള്ളരി, നാടൻവെള്ളരി എന്നിവയാണ് ഉൽപാദിപ്പിച്ചത്. കഴിഞ്ഞ രണ്ടു വർഷമായി കേരള കർഷക സംഘം അരിമ്പൂർ പഞ്ചായത്തു കമ്മിറ്റിയുടെ സഹകരണത്തോടെയാണു കൃഷിയിറക്കുന്നത്.

വിളവെടുപ്പ് അരിമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുജാത മോഹൻദാസ് ഉദ്ഘാടനം ചെയ്തു. പി.എസ്.സിനീഷ് അധ്യക്ഷത വഹിച്ചു.

കെ.ആർ.ബാബുരാജ്, ടി.വി.വിദ്യാധരൻ, പി.ആർ.ശക്തിധരൻ, കെ.എൽ.ജോസ്, ശാരദ ഗിരിജൻ, കെ.എം.സുരേന്ദ്രൻ, അശോകൻ അരിമ്പൂർ, കെ.രാഗേഷ് എന്നിവർ പ്രസംഗിച്ചു. വലിയ വില നൽകി ജൈവ പച്ചക്കറി വാങ്ങേണ്ടിവരുന്ന കർഷക തൊഴിലാളികൾക്ക് ആശ്വാസമേകാനാണ് സൗജന്യമായി നൽകുന്നതെന്നു പ്രവർത്തകർ പറഞ്ഞു.



മനക്കൊടിയിൽ കർഷക സംഘത്തിന്റെ ജൈവകൃഷി വിളവെടുപ്പ് അരിമ്പൂർ പഞ്ചായത്ത് പ്രസിഡന്റ് സുജാത മോഹൻദാസ് ഉദ്ഘാടനം ചെയ്യുന്നു.